VII ക്രമപ്രശ്നം

<u>ഭരണഘടനാ വ്യവസ്ഥകളും സഭയുടെ നടപടിക്രമങ്ങളും ലംഘിക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ധനവിനിയോഗ ബില്ലിലൂടെ നിയമസഭ പാസ്സാക്കി നൽകുന്ന തുകയാണ് സർക്കാരുകൾക്ക് വിനിയോഗിക്കാൻ അനുവാദമുള്ളത്. എന്നാൽ ചില ഘട്ടങ്ങളിൽ നിയമസഭയുടെ മുൻകൂർ അനുമതിയില്ലാതെതന്നെ തുക ചെലവഴിക്കേണ്ടിവരും. അത് നിയമസഭയിൽകൊണ്ടുവന്ന് എത്രയും പെട്ടെന്ന് ക്രമീകരിക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 205(b) പറയുന്നത് അതാണ്. അതിൽ പറയുന്നത് ഇപ്രകാരമാണ്, "if any money has been spent on any service during a financial year in excess of the amount granted for that service and for that year, cause to be laid before the House or the Houses of the Legislature of the State another statement showing the estimated amount of that expenditure or cause to be presented to the Legislative Assembly of the State a demand for such excess, as the case may be." എന്ന് വളരെ കൃത്യമായി പറയുന്നുണ്ട്. അതുപ്രകാരം നിയമസഭയിൽ കൊണ്ടുവന്ന് ഈ അധിക തുക

ക്രമീകരിക്കണമെന്നുള്ളതാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് 2020-21, 2021-22, 2022-23 എന്നീ മൂന്ന് സാമ്പത്തിക വർഷങ്ങളിലും അധികം ചെലവാക്കിയ തുക ഇതുവരെ ക്രമീകരിച്ചിട്ടില്ല. 2024 ജൂലൈ 10-നാണ് 2016 മുതൽ 2020 വരെയുള്ള തുക ക്രമീകരിച്ചത്. ആ ക്രമീകരണംതന്നെ ശരിയായ രീതിയിലല്ല എന്ന് അക്കൗണ്ടന്റ് ജനറൽ പറയുന്നു. അത് വായിക്കുകയാണെങ്കിൽ വളരെ കൂടുതലുണ്ട്. അതായത് 'ഓരോ കൊല്ലവും ഇവിടെ കൊണ്ടുവന്ന് ക്രമീകരിച്ച തുകയും അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ച തുകയും തമ്മിൽ വലിയ അന്തരമുണ്ട്. പതിനായിരത്തിൽപ്പരം കോടി രൂപയാണ് ഇത്തരത്തിൽ ക്രമീകരണമില്ലാതെ, നിയമസഭയുടെ അനുമതി വാങ്ങാതെ ഇവിടെ വിനിയോഗിക്കപ്പെട്ടിട്ടുള്ളത്.' ഒരു ഉദാഹരണം പറയുകയാണെങ്കിൽ, അധിക ഗ്രാന്റ് തുക യഥാക്രമം എട്ട് ഗ്രാന്റുകളിലായി 141.17 കോടി രൂപ, ഒമ്പത് ഗ്രാന്റുകളിലായി 3545.44 കോടി രൂപ ഇങ്ങനെയുള്ള തുകകൾ സത്യത്തിൽ ക്രമീകരിക്കപ്പെട്ടത് അക്കൗണ്ടന്റ് ജനറൽ പറയുന്നതിന്റെ ഇരട്ടിവരും. അത് വായിക്കുമ്പോൾ സമയമെടുക്കുമെന്നതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. 10-07-2024-ന് നടത്തിയ

ക്രമീകരണംപോലും ശരിയായ രീതിയിലല്ല എന്നുള്ളതാണ് ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെ അധിക തുകയുടെ എക്സസ്സ് ഗ്രാന്റ് ഇവിടെ ക്രമീകരിച്ചിട്ടില്ല. ബജറ്റ് പ്രവർത്തനങ്ങളെ സംബന്ധിച്ച് 2012-ൽ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച സർക്കുലറിന് വിരുദ്ധമാണ് നമ്മുടെ കടമെടുപ്പും മറ്റ് കാര്യങ്ങളും. മൊത്തത്തിൽ നമ്മുടെ സാമ്പത്തിക രംഗത്തുള്ള ഒരു പ്രശ്നമാണിത്. അതുപോലെതന്നെ 2023-ൽ പുറപ്പെടുവിച്ച സർക്കുലറിൽ വളരെ കൃത്യമായി കേന്ദ്രം പറയുന്നുണ്ട്, എക്സസ്സ് ഗ്രാന്റുകൾ അതത് സാമ്പത്തിക വർഷംതന്നെ ക്രമീകരിക്കണമെന്നുള്ളത്. അതായത് എക്സസ്സ് ഗ്രാന്റുകൾ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ മാർച്ച് 31-നുള്ളിൽതന്നെ അത് ക്രമീകരിക്കണം. ഇവിടെ എല്ലാം നിയമസഭ അറിഞ്ഞ് ചെയ്യണം. പക്ഷെ നിയമസഭയെ ബൈപാസ് ചെയ്തുകൊണ്ട് എക്സിക്യൂട്ടീവ് പണം ചെലവഴിക്കുകയാണ്. അത് തീർത്തും ഭരണഘടനയുടെ **205** ആർട്ടിക്കിളിന് വിരുദ്ധമാണ്. നിയമസഭ അറിയാതെ ഒരു പണവും അനുവദിക്കാനും ചെലവഴിക്കാനും ഈ സംസ്ഥാനത്തെ എക്സിക്യൂട്ടീവിന് അധികാരമില്ല. പക്ഷെ കോടിക്കണക്കിന് രൂപ എക്സിക്യൂട്ടീവ് ചെലവഴിച്ചിട്ട് അത് ക്രമീകരിക്കുന്നതിൽപോലും ധനവകുപ്പ് അമാന്തം കാണിക്കുന്നത് ശരിയല്ല.

ഇവിടെ എക്സിക്യൂട്ടീവ് അമിതാധികാരമാണ് ഉപയോഗിക്കുന്നത്, നിയമസഭയെ ബൈപ്പാസ് ചെയ്യുകയാണ്. അതുപോലെതന്നെ ഇത് separation of powers theory-ക്ക് വിരുദ്ധമാണ്. നിയമസഭയിൽ വരേണ്ടത് ഇവിടെതന്നെ വരണം. അല്ലാതെ ഉദ്യോഗസ്ഥർ ഭരിക്കുന്നത് ശരിയായ ഒരു പ്രവണതയല്ല. അതിനാൽ ഇതിന് കൃത്യമായി തടയിടണം. ഇതുമായി ബന്ധപ്പെട്ട നിരവധി റൂളിങ്ങുകളും കേന്ദ്ര ഗവൺമെന്റിന്റെ സർക്കുലറുകളുമുണ്ട്. അതൊന്നും ഞാൻ വായിക്കുന്നില്ല. ഇപ്പോൾ ഇവിടെ മൂന്നുനാല് വർഷത്തേത് ക്രമീകരിക്കാനുണ്ട്. 2024-ൽ ക്രമീകരിച്ചത് ശരിയായ രീതിയിലല്ല എന്ന അക്കൗണ്ടന്റ് ജനറലിന്റെ ആക്ഷേപവുമുണ്ട്. ഇത് രണ്ടും സംബന്ധിച്ച് വളരെ ശക്തമായ ഒരു റൂളിങ് ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നുണ്ടാകണം. ഈ രീതിയിൽ നമ്മൾ പോകുമ്പോൾ അത് നമ്മുടെ ഫെഡറലിസത്തെയും.., അതുപോലെ ഇവിടെ കടമെടുപ്പ് തടഞ്ഞു, അതിന്റെ പരിധി നിർണ്ണയിച്ചു എന്നൊക്കെയുള്ള പ്രശ്നങ്ങളുണ്ടല്ലോ, ആ സാഹചര്യത്തിൽ നമ്മുടെ ഭാഗം ക്ലിയർ ആക്കിവയ്ക്കണം. കേന്ദ്രത്തിനെതിരെ സംസാരിക്കാൻ ഞങ്ങൾ കൂടെ വരണമെന്ന് പറഞ്ഞു, ഞങ്ങൾ വരാം, ഞങ്ങൾക്കതിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ധനകാര്യ കമ്മീഷൻ വന്നപ്പോൾ ഞങ്ങൾ

പറഞ്ഞത് 50% സംസ്ഥാനങ്ങൾക്ക് കൊടുക്കണമെന്നാണ്. സർക്കാരിന്റെ കൂടെയാണ് ഞങ്ങൾ നിന്നത്. പക്ഷെ നമ്മുടെ ഭാഗത്തുനിന്നുള്ള പോരായ്മകൾ പരിഹരിക്കാതെ ഇത് പറയാനുള്ള അവകാശം നമുക്ക് നഷ്ടപ്പെടുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ ഒരു റൂളിങ് ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

മി. സ്പീക്കർ: ക്രമപ്രശ്നം പോലുള്ളവ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഒരു പഠനത്തിനുകൂടി ഉപകരിക്കുന്നതാണ്. ഇവിടെ പലരും അങ്ങോട്ടുമിങ്ങോട്ടും സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ക്രമപ്രശ്നം ഒരു അംഗം ഉന്നയിച്ചു, ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി നൽകും. ഇത്തരം കാര്യങ്ങളിൽ സാമാജികർ പരമാവധി ശ്രദ്ധിക്കുന്നത് നന്നായിരിക്കും എന്നൊരു അഭിപ്രായം ചെയറിനുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, നിയമസഭാംഗങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച് ചോദ്യങ്ങളുന്നയിച്ചുകൊണ്ട് ഒരു പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ആദ്യമായി പറയാനുള്ളത്, ഇന്ത്യൻ ഭരണഘടനയും നിയമസഭയുടെ നടപടിക്രമങ്ങളും അനുസരിച്ചല്ലാതെ ഒരു കാര്യവും സർക്കാർ

ചെയ്യാറില്ല. മാത്രമല്ല, ഇത്തരം കാര്യങ്ങളുടെ ഉത്തരവാദിത്വം ഈ സഭയോടാണ് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ എല്ലാ നിയമവും അനുസരിച്ചാണ് കാര്യങ്ങൾ ചെയ്തിരിക്കുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 205(b) പ്രകാരം സംസ്ഥാന നിയമസഭകൾ പാസ്സാക്കി നൽകുന്ന ബജറ്റിനുപരിയായി ഒഴിവാക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ സർക്കാർ ചെലവഴിക്കുന്ന അധിക തുക സഭ മുമ്പാകെ കൊണ്ടുവന്ന് ക്രമവൽക്കരിക്കേണ്ടതുണ്ട്. ഒരു സാമ്പത്തിക വർഷത്തെ അപ്രോപ്രിയേഷൻ അക്കൗണ്ടുകൾ സി.&എ.ജി. നിയമസഭയിൽ സമർപ്പിച്ചുകഴിഞ്ഞാൽ അനുവദിക്കപ്പെട്ട ഗ്രാന്റുകൾക്ക് മേൽ അധികമായി ചെലവഴിച്ച തുകകൾ സംബന്ധിച്ച് വിശദാംശങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പുകളെ അറിയിക്കുകയും ഭരണവകുപ്പുകൾ പ്രസ്തുത അധികചെലവിന്റെ കാരണങ്ങളും സാഹചര്യങ്ങളും സംബന്ധിച്ച് വിശദമായ കുറിപ്പുകൾ രണ്ട് മാസത്തിനുള്ളിൽ തയ്യാറാക്കി ധനവകുപ്പിന് നൽകുകയും ധനവകുപ്പ് പ്രസ്തുത വിശദീകരണങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് മടക്കിനൽകുകയും ചെയ്യുന്നു. തുടർന്ന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾ ഫയൽ ഉൾപ്പെടെ അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുകയും സി.&എ.ജി.-യുടെ

പരിശോധനയ്ക്ക് ശേഷം ഭരണവകുപ്പിന് മടക്കിനൽകുകയും ചെയ്യുന്നു. ഇതിനുശേഷം ഭരണവകുപ്പ് അന്തിമ ശിപാർശ നിയമസഭയുടെ ഏറ്റവും പ്രധാനപ്പെട്ട കമ്മിറ്റിയായ പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിക്ക് സമർപ്പിക്കുന്നു. കമ്മിറ്റി കുറിപ്പുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അധികമായി ചെലവഴിച്ച തുക ക്രമീകരിക്കുന്നതിന്റെ ഭാഗമായി അധിക ഗ്രാന്റുകൾക്കുള്ള അഭ്യർത്ഥന നിയമസഭയുടെ ബജറ്റ് സമ്മേളനത്തിലോ സാധ്യമെങ്കിൽ അടുത്ത സമ്മേളനത്തിലോ അവതരിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം നടപടി സ്വീകരിച്ചുകൊണ്ട് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ശിപാർശ ചെയ്ത എല്ലാ അധിക ചെലവുകളും ഇതുവരെയുള്ളത് ക്രമപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം വിവിധ തലങ്ങളിൽ നടക്കുന്ന പരിശോധനകളുടെയും അംഗീകാരത്തിന്റെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലുള്ള തുകയാണ് ധനവകുപ്പ് നിയമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. ഈ പ്രക്രിയയിൽ സ്വാഭാവികമായ കാലതാമസമുണ്ടാകുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. ഒരു സാമ്പത്തിക വർഷത്തിൽ എല്ലാ ധനാഭ്യർത്ഥനകളിലുമായി ഗ്രാന്റിന് ഉപരിയായി

ഉണ്ടായിട്ടുള്ള അധികചെലവിന്റെ കണക്കുകളാണ് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ അധികചെലവ് ഉണ്ടായതിന്റെ വിശദീകരണങ്ങൾ പരിശോധിച്ചശേഷം ഗ്രാന്റ് അടിസ്ഥാനത്തിലാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അധിക ഗ്രാന്റ് അനുവദിക്കുന്നതിനുള്ള റിപ്പോർട്ട് നൽകുന്നത്. ഇപ്രകാരം അധിക ചെലവ് സംബന്ധിച്ച വിശദീകരണം പരിശോധിച്ച് ഘട്ടംഘട്ടമായാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് ചെയ്യുന്നത്. ആയതിനാലാണ് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്യുന്ന തുകയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അധിക ഗ്രാന്റിനായി റിപ്പോർട്ട് ചെയ്യുന്ന തുകയും തമ്മിൽ വ്യത്യാസമുണ്ടാകാറുള്ളത്. ഇതനുസരിച്ച് 2016-2017-ൽ 141.17 കോടി രൂപയായിരുന്നു അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരമുള്ള അധികതുക. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിച്ച് അപ്രൂവൽ തന്ന തുക 95.63 കോടി രൂപയായിരുന്നു. അതുകൊണ്ട് 95.63 കോടി രൂപയുടേതാണ് സഭയിൽ സമർപ്പിക്കാൻ സാധിച്ചത്. ബാക്കി പി.എ.സി.-ൽനിന്ന് വരേണ്ടതാണ്. 2017-18-ൽ 3545.44 കോടി രൂപയിൽ 3492 കോടി രൂപയാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ശിപാർശ ചെയ്തത്. അത് ഇവിടെ സമർപ്പിച്ചിട്ടുണ്ട്. 2018-19-ൽ

4463.16 കോടി രൂപ, അതിൽ 4422.19 കോടി രൂപയാണ് പി.എ.സി. അപ്രൂവൽ വന്നത്. അതിനാൽ 4422.19 കോടി രൂപയുടേത് സമർപ്പിച്ചിട്ടുണ്ട്. 2019-20-ൽ 665.37 കോടി രൂപയാണ്. അതിൽ 336.63 കോടി രൂപയുടേതാണ് പി.എ.സി.-യിൽനിന്ന് വന്നത്. അതിനാൽ 336.63 കോടി രൂപ സഭയിൽ അംഗീകരിച്ച് അതിന്റെ നടപടിക്രമം പൂർത്തീകരിച്ചിട്ടുണ്ട്. 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ എക്സസ്സ് ഗ്രാന്റ് 2019-21 പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരം 2021-22-ലാണ് ക്രമീകരിച്ചത്. അതായത്, ഈ മന്ത്രിസഭ ചുമതലയേറ്റതിനുശേഷം ധനകാര്യ വകുപ്പുമന്ത്രിയായി ഞാൻ തന്നെയാണ് 2011-12 മുതൽ 2015-16 വരെയുള്ള കണക്കുകൾ അവതരിപ്പിച്ചത്. അങ്ങനെയാണ് അതിന്റെ നടപടിക്രമം. 2020-21, 2021-22, 2022-23 വർഷങ്ങളിലെ നിയമസഭ വോട്ട് ചെയ്ത് പാസ്സാക്കിയ തുകയ്ക്ക് പുറമെ അധിക തുക ക്രമപ്പെടുത്തതിനുള്ള പി.എ.സി. ശിപാർശ ലഭ്യമായിട്ടില്ല. ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് ആയത് ക്രമപ്പെടുത്തുന്നതാണ്. സാമ്പത്തിക വർഷാടിസ്ഥാനത്തിലല്ല മറിച്ച് ഗ്രാന്റുകളുടെ പരിശോധന പൂർത്തിയാക്കി പി.എ.സി. ശിപാർശ ചെയ്യുന്ന മുറയ്ക്കാണ് ഗ്രാന്റിനുപരിയായ ചെലവഴിച്ച

തുകകൾ ക്രമപ്പെടുത്തുന്നത്. ഓരോ ഗ്രാന്റും സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് അതുമായി ബന്ധപ്പെട്ട അധിക തുക ക്രമീകരിക്കുകയാണ് ചെയ്തുവരുന്നത്. ആയതിനാലാണ് ഒരു സാമ്പത്തിക വർഷമുണ്ടായ അധിക ചെലവ് പൂർണ്ണമായും ക്രമപ്പെടുത്താൻ സാധിക്കാതെ വരുന്നത്. മറ്റ് ഗ്രാന്റുകളുമായി ബന്ധപ്പെട്ട് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക് ആയത് ക്രമപ്പെടുത്തുന്നതാണ്. 2023 മാർച്ച് 2-ന് പുറപ്പെടുവിച്ച S.O.1033/E പ്രകാരമുള്ള നോട്ടിഫിക്കേഷൻ മുൻ വർഷങ്ങളിലെ അക്കൗണ്ടുകളിൽ യഥാർഥ ചെലവുകൾ വരുത്തുന്ന ഭേദഗതിയെക്കുറിച്ചാണ്. മറിച്ച് അപ്രോപ്രിയേഷൻ നിയമസഭ പാസ്സാക്കിയ തുകകൾ സംബന്ധിച്ചല്ല. അക്കൗണ്ടുകളിൽ വന്ന വ്യത്യാസങ്ങൾ ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് അവ ഉപധനാഭ്യർഥനകളിൽ ഉൾപ്പെടുത്തി നിയമസഭയുടെ അംഗീകാരത്തോടെ അക്കൗണ്ടന്റ് ജനറൽ വഴിയാണ് ആവശ്യമായ ഭേദഗതി വരുത്തുന്നത്. വർഷങ്ങളായി തുടർന്നുവരുന്ന പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അക്കൗണ്ടുകളിൽ ഭേദഗതി ആവശ്യമുള്ള പക്ഷം സമയാസമയങ്ങളിൽ വരുത്തുന്നുണ്ട്. മേൽപ്പറഞ്ഞതിൽനിന്നും നിലവിലെ നടപടിക്രമങ്ങളും ഉത്തരവുകളും പാലിച്ചാണ് അധിക ഗ്രാന്റ്

നിയമസഭ മുമ്പാകെ ക്രമീകരിച്ചത് എന്നറിയിക്കുന്നു.

റൂളിങ്

മി. സ്പീക്കർ: സഭ അംഗീകരിച്ച ധനാഭ്യർഥന തുകകളിൽനിന്നും അധികരിച്ചുവരുന്ന ചെലവുകൾ, നടപടികൾ പൂർത്തീകരിച്ച് യഥാസമയം ക്രമീകരിക്കുന്ന കാര്യത്തിൽ വീഴ്ചയും കാലതാമസവുമുണ്ടാകുന്നതുമൂലം ഭരണഘടനാ വ്യവസ്ഥകളും സഭയുടെ നടപടിക്രമങ്ങളും ലംഘിക്കുന്നതായും ഇക്കാര്യത്തിൽ അടിയന്തര പരിഹാരമുണ്ടാകണമെന്നുമാണ് ചട്ടം 303 പ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

ഇതുസംബന്ധിച്ച് നടപടിക്രമം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ചെയറും ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമസഭ അനുവദിച്ച ധനാഭ്യർഥനകളിൽനിന്നും അധികരിക്കുന്ന തുകകൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾ ചെലവഴിക്കുന്ന പക്ഷം അപ്രകാരം അധികമായി ചെലവഴിച്ച തുക ക്രമവൽക്കരിക്കുന്നതിന് നിയമസഭയിൽ വ്യക്തമായ നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്. അത്തരം നടപടിക്രമങ്ങൾ കൃത്യമായും പാലിച്ചുകൊണ്ടുതന്നെയാണ് കഴിഞ്ഞ കാലങ്ങളിൽ അധിക ധനാഭ്യർഥനകളെ സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ

ശരിയായി വിശദീകരിച്ചതുപോലെ സി.&എ.ജി.-യുടെ അപ്രോപ്രിയേഷൻ അക്കൗണ്ടുകൾപ്രകാരം നിയമസഭയുടെ മുമ്പാകെ വരുന്ന അധികരിച്ച ചെലവുകൾ സംബന്ധിച്ച നിർദേശങ്ങൾ ക്രമീകരിക്കുന്നതിന് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് നിർണ്ണായക പങ്കാണ് നിർവഹിക്കാനുള്ളത്. നമ്മുടെ സഭയിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഇതുസംബന്ധമായ അവരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കാലതാമസം വരുത്താതെ നിർവഹിച്ചുവരുന്നുവെന്നാണ് ചെയറിന് മനസ്സിലാക്കാൻ കഴിഞ്ഞത്.

നിലവിൽ ബജറ്റിനെ അധികരിച്ച ചെലവുകൾ നടപടിക്രമങ്ങൾ പാലിച്ച് ക്രമവൽക്കരിക്കുന്ന കാര്യത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി തലത്തിലോ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ തലത്തിലോ അകാരണമായ കാലതാമസമോ വീഴ്ചകളോ ശ്രദ്ധയിൽപ്പെടാത്ത സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.